**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 673** **03.11.2016 -ൽ മറുപടിയ്ക്ക്**

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്റർ ആക്കി മാറ്റാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ജോയി**<br>**ശ്രീ. കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.എ.എൻ.ഷംസീർ**<br>**ശ്രീമതി.യു.പ്രതിഭ ഹരി** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| **(എ)** മുൻസർക്കാർ പ്രഖ്യാപിച്ച എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്റർ ആക്കി മാറ്റാനുള്ള പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | **(എ)** നടത്തിവരുന്നുണ്ട് |
| **(ബി)** അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ പരിശീലനം നൽകാൻ ഈ സെന്ററുകൾ പ്രാപ്തമാണോ; അതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണ് എന്ന് വ്യക്തമാക്കാമോ; ഇതിനായി വരുന്ന ചെലവ് സർക്കാർ വഹിക്കുന്നുണ്ടോ; | **(ബി)** അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ പരിശീലനം നൽകാൻ ഈ സെന്ററുകൾ പ്രാപ്തമാണ്.<br><br>എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ വിവിധ അഭിരുചി പരീക്ഷകൾക്കും സൈക്കോമെട്രിക് ടെസ്റ്റുകൾക്കും വിധേയമാക്കി അവരുടെ കഴിവുകളും ന്യൂനതകളും കണ്ടെത്തുകയും തുടർന്ന് അവരുടെ അഭിരുചിയും യോഗ്യതയും അടിസ്ഥാനമാക്കി ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു.സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥി-കൾക്ക് ലഭ്യമാക്കുവാനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ചും അവസരമൊരുക്കുന്നു. ഈ പദ്ധതിയുടെ ചെലവ് സർക്കാർ വഹിക്കുന്നുണ്ട്. |

**സി)** എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നു വ്യത്യസ്തമായി സ്വകാര്യ മേഖലയിൽ തൊഴിൽ നൽകാൻ ഈ സംവിധാനത്തിന് എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; പൊതുമേഖല യിലും സ്വകാര്യ മേഖലയിലും ഈ സെന്ററുകൾ വഴി ലഭ്യമായ സ്ഥിരം തൊഴിലുകളുടെ കണക്ക് ലഭ്യമാക്കുമോ ;

**(സി)** നിലവിൽ സ്വകാര്യ മേഖലയിൽ നിന്നും നാമമാത്രമായ ഒഴിവുകളാണ് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നത്. ആയതിനാൽ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആരംഭിച്ചിട്ടുള്ളത്. എംപ്ലോയബിലിറ്റി സെന്ററുകൾ വഴി തൊഴിൽ നൈപുണ്യ പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ ജോലി ലഭ്യമാക്കുന്നതിനു വേണ്ടി പ്രസ്തുത മേഖലയിലെ തൊഴിൽദാതാക്കളുമായി നിരന്തരം സമ്പർക്കം പുലർത്തുകയും എംപ്ലോയബിലിറ്റി സെന്ററിന് അകത്തും പുറത്തുമായി ജോബ് ഫെയറുകൾ (തൊഴിൽ മേളകൾ) സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. കൂടാതെ ഇതേ ലക്ഷ്യത്തോടുകൂടി വകുപ്പിന്റെ നേതൃത്വത്തിൽ എംപ്ലോയബിലിറ്റി സെന്ററുകളുടെ സഹകരണത്തോടെ സംസ്ഥാന വ്യാപകമായി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചു വരുന്നുണ്ട്.മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ സ്വകാര്യ മേഖലയിൽ തൊഴിൽ നൽകാൻ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രാപ്തമാണ്. 2012-13 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയിലൂടെ സ്വകാര്യ മേഖലയിൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ 34,137 പേർക്ക് ജോബ് ഓഫറുകൾ നൽകിയിട്ടുണ്ട്.

**ഡി)** ഈ സെന്ററുകളെ തൊഴില ന്വേഷകർക്ക് ഗുണപ്രദമായ രീതിയിൽ പരിവർത്തനം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ഡി)** തൊഴിലന്വേഷകർക്ക് ഗുണപ്രദമായ രീതിയിലാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനങ്ങൾ രൂപകൽപന ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ